കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊളച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/19/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 14-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കൊളച്ചേരി ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : കൊളച്ചേരി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി6/19/2019 തീയ്യതി : 14-02-2019

## കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04-07-2017. മുതൽ 08.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10 .12.2018. മുതൽ 24.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ.സത്യാനന്ദൻ സി.വി, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ.ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീ.ലതീഷ് കുമാർ.കെ. കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഫൗസിയ.കെ.സി.പി<br>ശ്രീമതി.സറീന.കെ.എം.പി | 01-04-17 മുതൽ 05-07-2017 വരെ<br>06-07-17 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ഷംസുദ്ദീൻ.കെ.ബി | 01-04-17 മുതൽ 02-07-17 വരെ |
| | ശ്രീ. ബാലൻ.പി | 03-07-17 മുതൽ 31-03-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഗായത്രി.എസ് | 01-04-2017 മുതൽ 26-07-2017 വരെ |
| | ഡോ.രാജീവ് .വി.പി | 27-07-2017 മുതൽ 30-10-2017 പൂർവ്വാഹ്നം വരെ |
| | ശ്രീമതി. പ്രവീണ.എ | 30-10-2017 അപരാഹ്നം മുതൽ 31-03-2018 വരെ |
| അസി.എഞ്ചിനിയർ | ശ്രീ.നിജേഷ്.സി | 01-04-17 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹരിദാസൻ മൂളിയിൽ | 01-04-2017 മുതൽ 14-07-2017 വരെ |
| | ശ്രീ.അബ്ദുൾ ഗഫൂർ.എം.സി.കെ | 15-07-2017 മുതൽ 23-08-2017 വരെ |
| | ശ്രീമതി.ജയ.പി | 24-08-17 മുതൽ 07-09-2017 വരെ |
| | ശ്രീ അബ്ദുൾ ഗഫൂർ.എം.സി.കെ | 08-09-17 മുതൽ 13-09-2017 വരെ |
| | ശ്രീ.വിജയരാജ്.വി.ആർ | 14-09-17 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ കൊളച്ചേരി | ശ്രീ. ജയപ്രകാശ്.പി.കെ | 01-04-17 മുതൽ 05-10-2017 പൂർവ്വാഹ്നം വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.സുജിത്ത്.പി | 05-10-2017 അപരാഹ്നം മുതൽ 21-10-17 വരെ & 31-10-17 അപരാഹ്നം മുതൽ 04-11-17 പൂർവ്വാഹ്നം വരെ |
| | ശ്രീ.സുരേന്ദ്രൻ.ടി.വി | 21-10-17 അപരാഹ്നം മുതൽ 31-10-17പൂർവ്വാഹ്നം വരെ |
| | ശ്രീ.രായപ്പൻ സ്റ്റാൻലി | 04-11-17 അപരാഹ്നം മുതൽ 31-03-18 വരെ |
| വി.ഇ.ഒ ചേലേരി. | ശ്രീമതി.സിമി.കെ.വി | 01-04-17 മുതൽ 14-10-17 വരെ |
| | ശ്രീ.പ്രവീൺകുമാർ.പി | 15-10-17 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി,കൊളച്ചേരി | ഡോ.ലിഷ പാലാടൻ | 01-04-2017മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.രേഷ്മ ദാമോദരൻ | 01-04-2017മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പവൈസർ | ശ്രീമതി.രാജശ്രീ.സി.ടി. | 01-04-2017മുതൽ 31-03-2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജീവൻ.പുല്ലേരത്ത് | 01-04-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| | ഭാഗം 2 | |
| | വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വസ്തു നികുതി അപാകങ്ങൾ | 2-1 |

| | | |
|---|---|---|
| 14 | ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈലൻസ് നൽകൽ ചട്ടങ്ങൾ പ്രകാരവും സർക്കാർ നിർദ്ദേശ പ്രകാരവും ലൈസൻസ് അനുവദിക്കേണ്ടതാണ് | 2-2 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-3 |
| 16 | പെർമിറ്റ് ഇല്ലാതെ കെട്ടിട വിപുലീകരണം | 2-4 |
| 17 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് : എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല | 2-5 |
| | ഭാഗം 3 | |
| | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | തനത് ഫണ്ട് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ | 3-1 |
| 19 | കുടിശ്ശിക ക്ഷാമബത്ത നൽകിയത് -സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 10093 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 20 | ടൂറിസം പദ്ധതികൾക്കായി സ്ഥലം വിട്ടുനൽകിയത് ഭരണസമിതി തീരുമാനം ക്രമപ്രകാരമല്ല. | 3-3 |
| 21 | കുടിവെള്ളം – വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-4 |
| 22 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ പ്രയോജനം ലഭിച്ചിട്ടില്ല. | 3-5 |

| | | |
|---|---|---|
| 23 | തെരുവ് വിളക്കുകൾ വാങ്ങിക്കലും സ്ഥാപിക്കലും – ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. | 3-6 |
| 24 | തെരുവ് വിലക്കുകളുടെ പരിപാലനം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 3-7 |
| 25 | പത്രപരസ്യങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല | 3-8 |
| 26 | നെൽകൃഷി വികസന പദ്ധതി- സർക്കാർ നിർദ്ദേശങ്ങൽ പാലിച്ചിട്ടില്ല. | 3-9 |
| 27 | പോട്ടിങ് മിശ്രിതം നിറച്ച ഗ്രോബാഗ് വിതരണം-സർക്കാർ നിർദ്ദേശങ്ങൽ പാലിച്ചിട്ടില്ല. | 3-10 |
| 28 | കറവയുള്ള പശു വിതരണം സർക്കാർ നിർദ്ദേശങ്ങൽ പാലിച്ചിട്ടില്ല. | 3-11 |
| 29 | ആട് വിതരണം – സർക്കാർ നിർദ്ദേശങ്ങൽ പാലിച്ചിട്ടില്ല. | 3-12 |
| 30 | മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ഈടാക്കിയത് സംബന്ധിച്ച് | 3-13 |
| 31 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3-14 |
| 32 | മാലിന്യ നിർമ്മാർജ്ജന പരിപാടി കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റ് തുമ്പൂർ മോഡൽ എയോറോബിക് കമ്പോസ്റ്റിംഗ് സംവിധാനം:പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല | 3-15 |

| | | |
|---|---|---|
| 33 | അജൈവ മാലിന്യ ശേഖരണം- തുടർ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 3-16 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പദ്ധതി : അപാകങ്ങൾ | 3-17 |
| | ഭാഗം 4 | |
| | പൊതു വിവങ്ങളും ഓഡിറ്റ് പ്രത്യവലോകനം | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപം | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 42 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ | 4-10 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 46 | Receipt & Payment | അനുബന്ധം-2-1 |
| 47 | Income & Expenditure | അനുബന്ധം-2-2 |

| | | |
|---|---|---|
| 48 | Balance Sheet | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28-3-2017 ലെ തീരുമാനം നമ്പർ 33/2017(1) പ്രകാരം ഭരണസമിതി അംഗീകരിക്കുകയും 12-03-2018ലെ 46/2018 പ്രകാരം പുതുക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 10575404 |
| വരവ് | 61535000 |
| ആകെ | 72110404 |
| ചെലവ് | 71048500 |
| നീക്കിയിരിപ്പ് | 1061904 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി മാത്രമാണ് ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത്. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപനങ്ങളുടെ യോഗം ചേർന്നിട്ടില്ല. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പസ്സാക്കിയ ബജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുക്കണമെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 31-07-2018 | 15-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018 , 23-06-2018 | കെ എസ് എ കെ എൻ ആർ സി 6-1242/2018 തീയതി 30-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17405761 |
| വരവ് | 57362954 |
| ആകെ | 74768715 |
| ചെലവ് | 56689040 |
| നീക്കിയിരിപ്പ് | 18079675 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 11943000 | 11943000 | 11928000 | 0 | 99.87% |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 3299983 | 3299983 | 3299983 | 0 | 100% |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 23990 | 23990 | 23990 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 7337000 | 7337000 | 7337000 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2707000 | 2707000 | 2707000 | 0 | 100% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 5608238 | 5608238 | 5608238 | 0 | 100% |
| കെ.എൽ.എസ്.ജി.ഡി.പി (സെൻട്രൽ) | | 2087900 | 2087900 | 2087900 | 0 | 100% |
| കെ.എൽ.എസ്.ജി.ഡി.പി (സ്റ്റേറ്റ്) | | 744411 | 744411 | 744411 | 0 | 100% |
| ബി-ഫണ്ട് | | 43189346 | 43189346 | 43175146 | 14200 | 99.96% |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | | 1045606 | 1045606 | 959067 | 86539 | 91.72% |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ | | 146050 | 146050 | 146050 | | 100% |
| കേരളോത്സവം | | 20000 | 20000 | 20000 | | 100% |

## 1-6 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 149 | 70734303 | 139 | 43322511 | 15 | 26* | 124 | 83.22 |

*അംഗികാരം ലഭിച്ചിട്ടും ഉപേക്ഷിക്കപ്പെട്ട പള്ളിപ്പറമ്പ് അങ്കണവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നമ്പർ 129/18, അടങ്കൽ 900000 രൂപ) എന്ന പ്രോജക്ട് ഉൾപ്പെടെ.

2. 2017-18 വർഷത്തിൽ താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്കുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്കുകളുടെ എണ്ണം | 149 |
| പുതിയ പ്രൊജക്കുകൾ | 99 |
| സ്പിൽ ഓവർ പ്രൊജക്കുകൾ | 50 (പൊതുവിഭാഗം- 47 ,പട്ടികജാതി- 3 ) |
| ആകെ അടങ്കൽ | 70734303 |
| പൊതു വിഭാഗം | 134 (സ്പിൽ ഓവർ - 47+ പുതിയത് 87 ) |
| പട്ടികജാതി വിഭാഗം | 14 (സ്പിൽ ഓവർ - 3+ പുതിയത് 11 ) |
| പട്ടികവർഗ്ഗ വിഭാഗം | 1(ഫണ്ട് തിരിച്ചടവിനുള്ള പ്രോജക്ട്) |
| നൂതന പ്രൊജക്കുകൾ | തയ്യാറാക്കിയിട്ടില്ല. |

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്കുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. പട്ടികജാതി വിഭാഗത്തിന് തയ്യാറാക്കിയിട്ടുള്ള 12 പ്രോജക്കുകൾക്കായി ആകെ അടങ്കൽ 3259050രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2684274 രൂപ (82.36%)മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

3.വാർഷിക പദ്ധതി നിർവ്വഹണം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ പ്രകാരം ഇനം തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 24 | 20 | 83.33 | 3613626 | 3043306 | 84.22 |
| കൃഷി ഓഫീസർ | 5 | 5 | 100 | 4427700 | 2938230 | 66.36 |

| | | | | | | |
|---|---|---|---|---|---|---|
| വെറ്റിനറി | 5 | 5 | 100 | 2280000 | 1133279 | 49.71 |
| മെഡിക്കൽ ഓഫീസർ (ആലോപ്പതി) | 1 | 1 | 100 | 376000 | 292549 | 77.81 |
| വി ഇ ഒ | 18 | 13 | 72.22 | 11785000 | 4322197 | 36.68 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 8 | 8 | 100 | 7479556 | 6181784 | 82.65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 62 | 78.48 | 37857320 | 23396072 | 60.37 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 100 | 650000 | 650000 | 100 |
| ഹെഡ് മാസ്റ്റർ | 4 | 4 | 100 | 1258191 | 1258184 | 99.99 |
| എസ്.ഐ.ഫിഷറീസ് | 2 | 2 | 100 | 106910 | 106910 | 100 |
| ആകെ | 149 | 123 | 82.55 | 70734303 | 43322511 | 61.24 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 14.7 പ്രകാരം പദ്ധതി നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചിയിക്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള സമയപട്ടിക നിശ്ചയിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ആകെ 83.22% പ്രോജക്ടുകൾ നടപ്പിലാക്കുവാനും ആകെ അടങ്കലിന്റെ 62.04% തുക മാത്രമേ ചെലവഴിക്കുവാനും സാധിച്ചിട്ടുള്ളൂ. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പള്ളിപ്പറമ്പ് അങ്കണവാടി നിർമ്മാണം (പ്രോജക്ട് നമ്പർ. 129/18) എന്ന പ്രോജക്ട് നടപ്പിലാക്കാതെ ഉപേക്ഷിക്കുകയാണുണ്ടായത്.

4.പദ്ധതി നിർവ്വഹണം മേഖല തിരിച്ചുള്ള കണക്ക്

| ക്രമ നം. | മേഖല | പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ തുക | ആകെ ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | പൊതുവിഭാഗം -ഉൽപ്പാദനം | 16 | 10507700 | 4731509 | 45% |
| 2 | പൊതുവിഭാഗം -സേവനം | 60 | 32740051 | 19417214 | 59.31% |
| 3 | പൊതുവിഭാഗം -പശ്ചാത്തലം | 57 | 22628502 | 15849765 | 70% |
| 4 | പട്ടികജാതി വിഭാഗം -സേവനം | 12 | 3259050 | 2684274 | 82.36% |
| 5 | പട്ടികജാതി വിഭാഗം- പശ്ചാത്തലം | 2 | 675000 | 615759 | 91.22% |
| 6 | പട്ടിക വർഗ്ഗ വിഭാഗം സേവനം | 1 | 24000 | 23990 | 99.95% |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ ആകെ 1998 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 268 കുടുംബങ്ങൾ എസ്.സി വിഭാഗത്തിലും 1730 കുടുംബങ്ങൾ മറ്റ് വിഭാഗവുമാണ്. രജിസ്റ്റർ ചെയ്ത 1998 കുടുംബങ്ങളിൽ 998 കുടുംബങ്ങൾ ബിപിഎൽ ആണ് . തൻവർഷം ആകെ 29402 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട14 കുടുംബങ്ങൾക്ക് 100 ദിവസം ലഭിച്ചിട്ടുണ്ട്. തൻവർഷത്തെ വരവ് ചെലവ് കണക്ക് ചുവടെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1013 | 494464 | 495477 | 491670 | 3807 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 8523666 | 8523666 | 8523666 | 0 |
| ആകെ | 1013 | 9018130 | 9019143 | 9015336 | 3807 |

തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്ര.ന | പ്രവൃത്തി തരം | എണ്ണം | അടങ്കൽ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ | 37 | 5792000 |
| 2 | ഭൂവികസന പ്രവൃത്തികൾ | 10 | 1790000 |
| 3 | കിണർ നിർമ്മാണം | 10 | 1337000 |
| 4 | വ്യക്തിഗത കക്കൂസ് നിർമ്മാണം | 6 | 72000 |
| 5 | ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം | 1 | 19000 |
| 6 | നഴ്സറി നിർമ്മാണം | 1 | 441000 |
| | ആകെ | 65 | 9451000 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30000 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 3240000 | 261 |
| വിധവാപെൻഷൻ | 13731200 | 1135 |
| വാർദ്ധക്യകാലപെൻഷൻ | 21672100 | 1704 |
| ശാരീരിക /മാനസീക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കുള്ള പെൻഷൻ | 2899600 | 266 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 894500 | 71 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14402/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണം സുഗമവും സുതാര്യവും കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് കൃത്യസമയത്ത് സേവനം ലഭ്യമാക്കുന്നതിനും വേണ്ടി കൃത്യമായ ചുമതലാ

വിഭജനം 1-8-2013 ലെ 5/2013നമ്പർ ഓഫീസ് ഉത്തരവ് വഴി നൽകിയിട്ടുണ്ട്. ഒഫീസ് ചുമതലാ വിഭജനത്തിന്റെ അടിസ്ഥാന രേഖയാണിത്. മേൽ ഓഫീസ് ഉത്തരവു പ്രകാരം സമഗ്രമായി ജോലി വിഭജനം നടത്തിയിട്ടുണ്ടെങ്കിലും ദൈനംദിന പണപ്പിരിവ്,ഒടുക്ക്, പിൻവലിക്കൽ എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. മേൽനോട്ട ചുമതല നിശ്ചയിച്ച് നൽകേണ്ടതാണ്. സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേരുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ അഞ്ചു തവണമാത്രമാണ് ഓഫീസ് മീറ്റിംഗ് ചേർന്നത്. പ്രതിമാസം മീറ്റിംഗ് നടത്തി ഓഫീസ് പ്രവർത്തനം പൊതുവിൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥൻ പ്രതിമാസം പരിശോധിക്കുകയോ അബ്സ്ട്രാക്റ്റ് എഴുതുകയോ ചെയ്യുന്നില്ല. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകാത്തതും അപാകമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2018 | 01-10-18മുതൽ 31-10-18 വരെ | 23-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-06-14 | 2009-10 മുതൽ 2013-14 വരെ | 25-08-14 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ മറുപടിക്ക് ശേഷവും നിലനിൽക്കുന്ന അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി ഡിമാൻറ് ,കലക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

2. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-13 പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ് . പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ

വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക ഗ്രാമപഞ്ചായത്ത് 2017-18ൽ പ്രസിദ്ധീകരിച്ചിട്ടില്ല.

## 1-14 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനാവലോകനം

എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 ധനകാര്യ വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 21തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യം നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി, അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവയാണ് കൈകാര്യം ചെയ്യേണ്ട പ്രധാന വിഷയങ്ങൾ. മേൽ വിഷയങ്ങളിൽ ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡേഴ്സ്, ഘടക സ്ഥാപനമേധാവികൾ എന്നിവരിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഡിസംബർ 15ന് മുൻമ്പ് ലഭ്യമാക്കിയിട്ടില്ല. അതുപോലെ ജനവരി 15ന് മുൻമ്പ് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ (വികസനം, ക്ഷേമം) ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ ജനക്ഷേമം കാര്യക്ഷമമാക്കൽ എന്ന വർക്കിംഗ് ഗ്രൂപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നു.

ബി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹികാസൂത്രണം, സാമ്പത്തികാസൂത്രണം, സ്പെഷൽ ആസൂത്രണം, മേഖലാടിസ്ഥാനത്തിലുള്ള വികസനാസൂത്രണം എന്നിവ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. സമയബന്ധിതമായി ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മമിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൃഷി അനുബന്ധ മേഖലകളും (പരിസ്ഥിതി ജലസേചനം, മണ്ണ്- ജല സംരക്ഷണം, വനവത്കരണം, മത്സ്യ ബന്ധനം ഉൾപ്പടെ), മൃഗ സംരക്ഷണവും ക്ഷിര വികസനവും, ചെറുകിട വ്യവസായം, പൊതുമരാമത്ത്(വൈദ്യുതി, ഊർജ്ജം ഉൾപ്പടെ) എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു (വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി അവലോകനം കാണുക) 2017-18 വർഷം 19 തവണ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി ആസൂത്രണ പ്രക്രീയയ്ക്ക് യഥാസമയം മേൽനോട്ടം നൽകുന്നതിന് ഈ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ട്.

സി) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

പട്ടിക ജാതി- പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷാപ്രവർത്തനം, ചേരി പരിഷ്കരണം. ദാരിദ്ര്യ നിർമാർജ്ജനം , പൊതു വിതരണ സമ്പ്രദായം എന്നിവയാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ. ബജറ്റ് നിർദ്ദേശങ്ങൾ യഥാസമയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.ക്ഷേമ പെൻഷനുകളുടെ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനം എടുത്തിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടികജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽപ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ പൊതുവികസന കാഴ്ചപ്പാടിനനുസൃതമായി ആക്ട്

പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 2017-18 വർഷം 20 തവണ യോഗം ചേർന്നിട്ടുണ്ട്.

ഡി)ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി

പൊതുജനാരോഗ്യം, ശുചീകരണം, ശുദ്ധജലവിതരണം (കുടിവെള്ളം ), അഴുക്ക്ചാൽ, പരിസ്ഥിതി, കലയും സംസ്കാരവും വിനോദവും, വിദ്യാഭ്യാസം എന്നിവ ഈ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. ബജറ്റ് നിർദ്ദേശങ്ങൾ യഥാസമയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ചുമതലപ്പെട്ട മേഖലയിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 2017-18 വർഷം 18 തവണ യോഗം ചേർന്നിട്ടുണ്ട്. കുടിവെള്ളം,ശുചിത്വം(മാലിന്യ പരിപാലനം ഉൾപ്പടെ) വിദ്യാഭ്യാസം, സംസ്കാരം, കലാകായീക യുവജനക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിൽ 2017-2018 സാമ്പത്തിക വർഷം ഡി &ഒ ട്രേഡ് ലൈസൻസ് നൽകിയ താഴെപ്പറയുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടതായി കാണുന്നില്ല ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ലൈസൻസ് ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം | കെട്ടിട നംമ്പർ |
|---|---|
| 13 | 3-850 |
| 28 | 5-59A,B |
| 100 | 7-222C |

ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ കെട്ടിട നംപർ നൽകിയ സാധുവായ മുഴുവൻ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടു എന്ന് ഉറപ്പാക്കേണ്ടതും നികുതി വിധേയമാക്കേണ്ട കെട്ടിടങ്ങൾക്ക് നികുതി ചുമത്തി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് - ചട്ടങ്ങൾ പ്രകാരവും സർക്കാർ നിർദ്ദേശ പ്രാകരവും ലൈസൻസ് അനുവദിക്കേണ്ടതാണ്.

അന്വേഷണ റിപ്പോർട്ട്, സാനിറ്ററി സർട്ടിഫിക്കറ്റ്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ അംഗീകരിക്കുക എന്നിവ ചെയ്യാതെയാണ് താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചത് ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം | കെട്ടിടനംപർ | പേര് | റസീറ്റ് നം.തീയ്യതി |
|---|---|---|---|
| 302 | 7-496C | അബ്ദുൾ ജലീൽ.ടി | 38256/23 24.10.17 |
| 303 | 7-220C | മൂസ്സ.കെപി | 11720103478/28.10.17 |
| 313 | 7-11 | പി.സുധാകരൻ | 117020103919/10.11.17 |

ചട്ടപ്രകാരം ലൈസൻസ് നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (ii) പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത്60 ദിവസത്തിൽ കുറയാതെ തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്നാൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

(എ)ബഡ്സ് സ്കൂൾ ജീവനക്കാർ

(ബി)അങ്കണവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പെർമിറ്റ് ഇല്ലാതെ കെട്ടിട വിപുലീകരണം

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പുതുതായി പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നല്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ അധിക നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | നാരായണൻ.കെ. | 16/332 |
| 2 | വിനോദ്.എ. | 8/262 |
| 3 | അശോകൻ.ഇ. | 3/281 |
| 4 | വിജീന്ദ്രൻ.എ | 16/309A |
| 5 | ഉഷ.വി | 7/116B |
| 6 | അനിത.സി. | 14/413A |
| 7 | സജീവൻ.സി | 7/182 |
| 8 | ശ്രീജ.ടി. | 8/475 |
| 9 | മോഹനൻ.പി.പി. | 11/147 |
| 10 | ബീഷ | 14/306 |
| 11 | രാഘവൻ.പി | 14/414A |

പഞ്ചായത്തിന്റെ ആനുകൂല്യത്തോടെ നടത്തുന്ന വിപുലീകരണ പ്രവർത്തികൾക്ക് പെർമിറ്റില്ലാതെ നടത്തുന്നത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 2-5 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് : എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പഞ്ചായത്തിൽ 1-4-2015മുതൽ 31-3-2018 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഇ ടെണ്ടർ മുഖേന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും അടക്കമുള്ള തുക എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

കാലയളവ്

| ക്രമ നം. | കാലയളവ് | ടെണ്ടർ ഫീസ് |
|---|---|---|
| 1 | 01-4-2015 മുതൽ 31-03-2016 വരെ | 30135 |
| 2 | 01-4-2016 മുതൽ 31-03-2017 വരെ | 24990 |
| 3 | 01-4-2017 മുതൽ 31-03-2018 വരെ | 74256 |
| | ആകെ തുക | 129381 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ

| ക്രമ നമ്പർ | ഇനം | അപാകങ്ങൾ | ഓഡിറ്റ് നിർദ്ദേശങ്ങൾ |
|---|---|---|---|
| 1 | വായനശാലകൾക്ക് പത്രവിതരണം - വിവിധ വായനശാല കൾക്കായി 1ലക്ഷത്തി | കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രീതിയിൽ കണ്ടിജന്റ് രജിസ്റ്റർ | പത്രത്തിനുള്ള പണം പൊതുജനങ്ങളിൽ നിന്ന് സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ |

| | | | |
|---|---|---|---|
| | ലധികം രൂപ പത്ര വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 04/2015 മുതൽ കുടിശ്ശിക യായിരുന്ന തുക ഉൾപ്പെട്ടിട്ടുണ്ട്. | സൂക്ഷിക്കുന്നില്ല | ശ്രമിക്കേണ്ടതാണ്. അതാത് വർഷത്തെ വരിസംഖ്യ അതാത് വർഷം തന്നെ കൊടുത്തു തീർക്കേണ്ടതാണ്. കണ്ടിജന്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. |
| 2 | ലോഗ് ബുക്ക് പരിപാലനം | വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ പൂർണ്ണമായും ലോഗ് ബുക്കിൽ ചേർക്കുന്നില്ല. ഉദാഹരണം 20-07-2017 ലെ 50.15 ലിറ്റർ, 2.10.17 ലെ 28.30 ലിറ്റർ ലോഗ് ബുക്ക് യാത്ര ചെയ്യവർ സാക്ഷ്യപ്പെട്ടുത്തുന്നില്ല. പ്രതിമാസ ഇന്ധന ഉപയോഗം സംബന്ധിച്ച സംക്ഷിപ്തം എഴുതുന്നില്ല. | വാഹന പരിപാലനം സംബന്ധിച്ച് ജി.ഒ.(എം.എസ്.)170/2007/ ത.സ്വ.ഭ.വ തീയതി 30-06-07 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |
| 3 | കമ്പ്യൂട്ടറുകൾക്ക് എ.എം.സി – പഞ്ചായത്തുകളിലെ 10 കമ്പ്യൂട്ടറുകൾ 08-11-2017 മുതൽ 07-11-2018 വരെ 31000/- രൂപക്ക് പരിപാലന കരാർ 4G കമ്പ്യൂട്ടർ കൊളച്ചേരി എന്നസ്ഥാപനത്തിന് നല്കിയിട്ടുണ്ട്. കരാറിന്റെ 50% തുക 15500/- | ജി.ഒ.(പി)26/2005/ ഐ.ടി.ഡി. തീയതി 24-12-2005 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കരാറിൽ ഏർപ്പെട്ടത്. കരാറിൽ ഏർപ്പെട്ട ഉടനെ 50% മുൻകൂർ അനുവദിച്ചു. ഉപകരണങ്ങൾ വാങ്ങി 3 വർഷം കഴിഞ്ഞെങ്കിൽ വാങ്ങിയ തുകയുടെ 8% തുകക്കേ AMC നല്കാവൂ. | ഭാവിയിൽ ജി.ഒ.(പി) 26/2005/ ഐ.ടി.ഡി. തീയതി 24-12-2005 ലെ നിർദ്ദേ ശങ്ങൾ പാലിക്കേണ്ടതാണ് |

| | | | |
|---|---|---|---|
| | രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട് (വൗച്ചർ നം.21700778/08-12-2017) | എന്നാൽ ആയത് പരിശോധിക്കാതെയാണ് AMC നല്കിയത്. | |
| 4 | പ്രോജക്റ്റ് നമ്പർ 141/18 കേരളോത്സവം നടത്തിപ്പ് അടങ്കൽ - 50000/- (തനത് ഫണ്ട്) കേരളോത്സവം നടത്തിപ്പിനായി 70000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ 21700508/31-10-2017 50000/-(തനത്ഫണ്ട്) വൗച്ചർ നമ്പർ 21700854/27-01-2018 20000/-(യുവജനക്ഷേമ ബോർഡ് വിഹിതം) | കേരളോത്സവം നടത്തിപ്പിനായി 50000/- രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കുകയും 70000 രൂപയുടെ ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റിൽ അധികരിച്ച് ചെലവ് ചെയ്തതിന് വിശദീകരണം നല്കേണ്ടതാണ്. വൗച്ചർ നമ്പർ 21700854/ 27-01-2018 പ്രകാരം അനുവദിച്ച 20000/- രൂപക്ക് ഹാജരാക്കിയ വൗച്ചറുകളിൽ തീയതി, അനുവദിച്ചതിന്റെആവശ്യം എന്നിവ വ്യക്തമായി രേഖപ്പെ ടുത്താതെ വാങ്ങിയ വരുടെ പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയത്. | പ്രോജക്റ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തി ചെലവ് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. |

## 3-2 കുടിശ്ശിക ക്ഷാമബത്ത നല്കിയത് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 10093 രൂപ തടസ്സപ്പെടുത്തുന്നു

1) സ.ഉ(പി)06/2017/ധന തീയതി19-01-2017 പ്രകാരം കുടിശ്ശിക ക്ഷാമബത്ത 01-07-2016 മുതൽ 31-12-2016 വരെയുള്ള 3% (9% -12%) അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(A) ഹരിദാസൻ മൂളിയിൽ, അസിസ്റ്റന്റ് സെക്രട്ടറി പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത് 14-10-2016 ൽ ആണ്.(06-10-2016 മുതൽ 13-10-2016 വരെ പ്രവേശന കാലയളവ്) എന്നാൽ കുടിശ്ശിക 01-07-2016 മുതൽ 31-12-2016 വരെ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ

21700059/28-04-2017 37273)

| കൊളച്ചേരി പഞ്ചായത്തിൽ നിന്ന് അർഹതയുള്ള ക്ഷാമബത്ത | തുക |
|---|---|
| 06-10-2016 മുതൽ 31-10-2016വരെ 26ദിവസം<br>അടിസ്ഥാന ശമ്പളം 43600x26/31= 36568x3% | 1097 |
| 01-11-2016 മുതൽ 31-12-2016<br>അടിസ്ഥാന ശമ്പളം 43600 ( 2മാസത്തെ ഡി.എ തുക 43600x3%=1308 X2) | 2616 |
| ആകെ | 3713 |
| അനുവദിച്ച ക്ഷാമബത്ത | |
| 01-07-2016 മുതൽ 31-12-2016 വരെ<br>അടിസ്ഥാന ശമ്പളം 43600X 6 മാസം<br>43600x3%=1308x6 | 7848 |
| അധികം നല്കിയത് ( 7848-3713) | 4135 |

(B)എം.സി.കെ.അബ്ദുൾ ഗഫൂർ. ഹെഡ്ക്ലാർക്ക്

ജീവനക്കാരൻ ജോലിയൽ പ്രവേശിച്ചത് 16-01-2017 ൽ ആണ്. (12-01-2017 മുതൽ 15-01-2017 വരെ പ്രവേശന കാലയളവ്) ജീവനക്കാരന് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചപ്പോൾ 33100 അടിസ്ഥാനശമ്പളത്തിൽ 6 മാസത്തേക്ക് 01.07.16 മുതൽ 31.12.16 വരെ 3% നിരക്കിൽ 5958 രൂപ അനുവദിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/18-12-2018 ) പഞ്ചായത്ത് ഡയറക്ടറുടെ24-10-2014 ലെ ഇ-239925/14 നമ്പർ ഉത്തരവ് പ്രകാരമാണ് ആനുകൂല്യം അനുവദിച്ചത് എന്നറിയിക്കുകയുണ്ടായി. മേൽ ജീവനക്കാർ കുടിശ്ശിക ക്ഷാമബത്ത അതാത് കാലഘട്ടത്തിൽ സേവനത്തിലിരുന്ന സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ജീവനക്കാർക്ക് അനർഹമായി ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കേണ്ടതാണ്. 10093 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ടൂറിസം പദ്ധതിക്കായി സ്ഥലം വിട്ടു നല്കുന്നത് ഭരണസമിതി തീരുമാനം ക്രമപ്രകാരമല്ല

പഞ്ചായത്ത് ഭരണസമിതിയുടെ 26-08-2017 ലെ50/2017 നമ്പർ തീരുമാനപ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതതയിലുള്ള പാമ്പുരുത്തിയിലെ കൊളച്ചേരി ദ്വീപ്, സി.എച്ച് ദ്വീപ് എന്നിവ ടൂറിസം പദ്ധതികൾക്കായി വിട്ടുനല്കാൻ ഐകകണ്ഠേന തിരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 26-08-2017 ലെ A2.4110/2017 പ്രകാരം Land Availability Certificate സെക്രട്ടറി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്ത് സ്ഥലം രേഖാമൂലമല്ലാതെയും ഉപാധികളില്ലാതെയും ടൂറിസം പദ്ധതികൾക്കായി സ്ഥലം വിട്ടുകൊടുത്ത തീരുമാനം ക്രമപ്രകാരമല്ല.

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം 218(1)-ാം വകുപ്പ് അനുസരിച്ച് എല്ലാ പൊതു

ജലമാർഗ്ഗങ്ങളും നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലമാർഗ്ഗങ്ങളും, കെട്ടി നിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്ത് കിടക്കുന്ന ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത്, പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു, എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പഞ്ചായത്തിന് സ്വന്തമല്ലാത്തതും എന്നാൽ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതുമായ ഏതൊരു വസ്തുവും ഏത് വ്യവസ്ഥകളിന്മേലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥകൾ ലംഘിക്കാതെ പാട്ടത്തിന് നൽകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആകയാൽ ഇവ വാണിജ്യാവശ്യങ്ങൾക്ക് താത്കാലികമായോ സ്ഥിരമായോ നിയമവിധേയമല്ലാതെ അന്യാധീനപ്പെടുത്തുവാനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല എന്നും 218വകുപ്പ് 3-ാം ഉപ വകുപ്പനുസരിച്ച്, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി തൊട്ടടുത്തതും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെ ഭരണം ഏറ്റെടുക്കാവുന്നതാണ് എന്നുള്ളതല്ലാതെ പുഴഭാഗമോ അതിനോട് ചേർന്നുള്ള ഭൂമിയോ സ്ഥിരമായോ താത്കാലികമായോ അന്യാധീനപ്പെടുത്താനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല എന്ന് 25-09-2014 ലെ 41630/ആർ സി4/2014/ തസ്വഭവ. നമ്പർ സർക്കുലർ വഴിയും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 1957 ലെ കേരള ഭൂസംരക്ഷണ നിയമം 3-ാം വകുപ്പിലെ വിശദീകരണം 4 അനുസരിച്ച്, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൻ കീഴിൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള വസ്തുക്കളെ ഈ വകുപ്പിന്റെ നിർവ്വചനത്തിനുള്ളിൽ വരുന്ന ഗവണ്മെന്റ് വസ്തുവായി കണക്കാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 5(1) ൽ ഈ നിയമം നടപ്പായി വരുന്നതു മുതൽക്കും അതിനുശേഷവും യാതൊരാളും ഗവണ്മെന്റ് വക വസ്തുവായ ഒരു ഭൂമി പുറമ്പോക്കായിരുന്നാലും അല്ലെങ്കിലും ഗവണ്മെന്റിന്റെയോ ഈ ആവശ്യാർത്ഥം അധികാരപ്പെടുത്താവുന്ന ഗവണ്മെന്റ് ഉദ്യോഗസ്ഥന്റെയോ അനുവാദം കൂടാതെ കൈവശം വയ്ക്കുന്നത് നിയമാനുസൃതമായിരി ക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/20-12-2018) കേരള ടൂറിസം വകുപ്പും കേന്ദ്ര ടൂറിസം വകുപ്പുമായി ചേർന്ന് ജില്ലകളിൽ നദീ ടൂറിസം സാധ്യതകൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മലബാർ ക്രൂയിസ് പദ്ധതിയിൽ കൊളച്ചേരി ഗ്രാമപഞ്ചായത്തും ഭാഗമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പാമ്പുരുത്തി ദ്വീപ് (5 ഹെക്ടർ) സി.എച്ച്.ദ്വീപ് (1 ഹെക്ടർ) ഉൾപ്പെടുന്ന സ്ഥലം വിട്ടുനല്കുന്നതിന് ഗവർൺമെന്റിന്റെ അനുമതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളുവെന്നും ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ മാത്രമാണ് പദ്ധതികൾക്കാവശ്യമായ സ്ഥലം കൈമാറുന്നതിൽ തുടർ നടപടികൾ സ്വീകരിക്കുകയുള്ളുവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം സ്ഥലം വിട്ടുനല്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-4 കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിൽ 91 കുടിവെള്ള ടാപ്പുകൾക്കായി തൻവർഷം 477756 രൂപ കേരളാ വാട്ടർ

അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. നാളിതുവരെ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. 91സ്ട്രീറ്റ് ടാപ്പുളിൽ പലതും പ്രവർത്തന രഹിതമാണെന്ന് 24-12-2018 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ മെമ്പർമാർ അറിയിക്കുകയുണ്ടായി. പ്രവർത്തിക്കുന്ന സ്ട്രീറ്റ് ടാപ്പുകളുടെ തുക മാത്രമേ ഒടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തുന്നതിന് വാട്ടർ അതാറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 തെരുവ് വളക്ക് മീറ്റർ സ്ഥാപിക്കൽ - പ്രയോജനം ലഭിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 506762 രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ 03/2017 ൽ 7,02,850 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ വൈദ്യൂതി ചാർജ് ഒടുക്കുന്നരീതി ആരംഭിച്ചിട്ടില്ല. പഞ്ചായത്തിലെ മിക്കവാറും എല്ലാ തെരുവുവിളക്കുകളും എൽ.ഇ.ഡി., സി.എഫ്.എൽ. ലാമ്പുകളായി മാറ്റിയിട്ടുണ്ട്. മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ വൈദ്യൂതി ചാർജ് ഒടുക്കിയാൽ വൈദ്യൂതി ചാർജ് കുറച്ചു കുറച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളു. ഇതിന് ആവശ്യമായ നടപടികൾ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-6 തെരുവ് വിളക്കുകൾ വാങ്ങിക്കലും സ്ഥാപിക്കലും - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ/പേര്- 89/2018 തെരുവ് വിളക്കുകൾ വാങ്ങിക്കലും സ്ഥാപിക്കലും
അടങ്കൽ -200000 (150000/- ധനകാര്യ കമ്മിഷൻ അവാർഡ് 50000 തനത് ഫണ്ട്.)
ബിൽ നമ്പർ 9/13-09-2017 150000
വൗച്ചർ നമ്പർ 21700504/18-09-2017 15000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് പ്രകാരം 60എൽ.ഇ.ഡി. (25വാട്ട്) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഡെൽടെക്ക് സോളാർ സിസ്റ്റം, തളിപറമ്പ എന്ന സ്ഥാപനത്തിന് 156000 രൂപയും സൂപ്പർ വിഷൻ ചാർജായി 9000 രൂപ കെ.എസ്.ഇ.ബിയിലും ഒടുക്കിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ റിപ്പോർട്ട്, തെരുവ് വിളക്ക് സ്ഥാപിച്ചതിനുള്ള വാർഡ് മെമ്പർമാർ മാരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകളുടെ പരിപാലനം സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

1-പ്രോജക്ട് നമ്പർ/പേര്- 84/2018 തെരുവ് വിളക്കുകളുടെ പരിപാലനം (SO)
അടങ്കൽ -123120 (ധനകാര്യ കമ്മിഷൻ അവാർഡ് 73120/- തനത് ഫണ്ട്.50000)
ബിൽ നമ്പർ 13/31-10-2017 – ₹73120/-
വൗച്ചർ നമ്പർ 21700867/30-01-2018 – ₹4640
2-പ്രോജക്ട് നമ്പർ/പേര്- 3/2018 തെരുവ് വിളക്കുകളുടെ പരിപാലനം
അടങ്കൽ -362100 (271575/- ധനകാര്യ കമ്മിഷൻ അവാർഡ് 90525 തനത് ഫണ്ട്.)

ബിൽ നമ്പർ 19/08-02-2018 181050

ബിൽ നമ്പർ 27/16-03-2018 90525

നിർവ്വഹണം - സെക്രട്ടറി

തെരുവ് വിളക്ക് പരിപാലനത്തിന് രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ശങ്കരൻ നമ്പൂതിരി, പടിഞ്ഞാറെ പല്ലത്ത് ഇല്ലം, ശ്രീസ്ഥ എന്നവരാണ് ടെണ്ടർ മുഖാന്തിരം പദ്ധതി നടപ്പിലാക്കിയത്. 2016-17ലെ 05/2017 പ്രോജക്ട് പ്രകാരം 648 തെരുവ് വിളക്കുകൾക്ക് 480 പ്രകാരം 311040/- രൂപക്ക് കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 233280 രൂപ 2016-17 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 77760 രൂപ തൻവർഷം അനുവദിച്ചിട്ടുണ്ട്. പ്രസ്തുതകരാർ 28-12-2016 ആരംഭിച്ച് 27-12-2017 ൽ അവസാനിക്കുന്നതാണ്.

പ്രോജക്ട് നമ്പർ 3/2018 തെരുവ് വിളക്കുകളുടെ പരിപാലനം പ്രകാരം 852 തെരുവ് വിളക്കുകൾ പരിപാലനത്തിനായി ഒരു തെരുവ് വിളക്കിന് 425 രൂപ പ്രകാരം 362100 രൂപക്ക് 12/2018ൽ കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. നേരേത്തേ ഉള്ള കരാറിന്റെ തുടർച്ച എന്ന നിലയിൽ പ്രസ്തുത കാരാർ 28-12-2017 ആരംഭിച്ച് 27-12-2018 ൽ അവസാനിക്കേണ്ടതാണ്. 26-12-2017,27-12-2017 തീയതികളിൽ തെരുവ് വിളക്ക് റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ നല്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ പ്രൊജക്ടിന്റെ കരാർ തുകയുടെ 50% 181050 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ തീയതി രേഖപ്പെടുത്താതെ മെമ്പർമാർ നല്കിയ മറ്റൊരു സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാർ തുകയുടെ 25% 90525 രൂപയും അനുവദിച്ചിട്ടുണ്ട്.പ്രോജക്ട് നടത്തിപ്പിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

1) 26-12-2017,27-12-2017 തീയതികളിൽ നല്കിയ സാക്ഷ്യപത്രം ആദ്യ പ്രോജക്ടിൽ ഉൾപ്പെടുന്നതായിരുന്നു. ആദ്യ പ്രൊജക്ടിന്റെ കാലാവധി തീരുന്നത് 27-12-2017 ലാണ്. ഇത് കാരണം കരാറുകാരന് 50 % മുൻകൂർ നല്കുകയും തീയതി രേഖപ്പെടുത്താതെ മെമ്പർമാർ നല്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും 25% കൂടി നല്കുകയും ചെയ്തത് കാരണം കരാർ തുകയുടെ 75% പ്രൊജക്ട് ആരംഭിച്ച് 3 മാസത്തിനകം നല്കുകയുണ്ടായി.15/09/2011 ലെ 3055/ഡി.എ.3/2011/ത.സ.ഭ.വ സർക്കുലർ പ്രകാരം ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ആനുപാതിക തുക 3 മാസം കൂടുമ്പോൾ അടക്കാവുന്നതാണെന്ന നിർദ്ദേശം പാലിക്കാതെ 27-12-2018 ന് പൂർത്തീകരിക്കേണ്ട കരാറിന്റെ 75% തുകയും മുൻകൂർ നല്കിയത് ശരിയല്ല. അവസാന ഗഡു കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ് അനുവദിക്കേണ്ടത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-8 പത്രപരസ്യങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല

G.O(P) No.551/15/I&PRD dated 20.11.15 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

| വൗച്ചർ നമ്പർ തീയതി | തുക | ഇനം |
|---|---|---|
| 21700044/19-04-2017 | 3520 | നാണിയൂർ അംഗൻവാടികോമ്പൗണ്ടിലെ മരങ്ങൾ ലേലം ചെയ്ത ടെണ്ടർ പരസ്യചാർജ് |

| | | |
|---|---|---|
| 21700202/27-06-2017 | 2000 | എം.എൻ.ആർ.ജി.ഇ.എസ്. വിവിധ പ്രവൃത്തികൾക്ക് ചെങ്കല്ല് വാങ്ങുന്നതിന് ടെണ്ടർ പരസ്യചാർജ് |
| 21700434/30-07-2017 | 5280 | വിവിധ പ്രവൃത്തികളുടെ ടെണ്ടർ പരസ്യചാർജ് |
| 21701001/16-02-2018 | 23670 | വിവിധ പ്രവൃത്തികളുടെ ടെണ്ടർ പരസ്യചാർജ് |
| 21701261/28-03-2018 | 7283 | വിവിധ പ്രവൃത്തികളുടെ ടെണ്ടർ പരസ്യചാർജ് |
| ആകെ | 41753 | |

പത്രപരസ്യങ്ങൾക്ക് അനുവദനീയമായ നിരക്കിലുള്ള ഡിസ്കൗണ്ട് ലഭിക്കുന്നുണ്ടെന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്.

## 3-9 നെൽകൃഷി വികസന പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ /പേര് 24/2018 നെൽകൃഷി വികസന പദ്ധതി

അടങ്കൽ 21,29,000/- (7,04,000 വികസനഫണ്ട് ജനറൽ, ബ്ലോക്ക് വിഹിതം 4,25,000 10,00,000 ഗുണഭോക്തൃവിഹിതം)

ബിൽ നമ്പർ 02/16-02-2018 2,79,000/-

ബിൽ നമ്പർ 05/16-02-2018 4,00,996/-

ബിൽ നമ്പർ 07/16-02-2018 24,004/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

(എ) പ്രോജക്ട് പ്രകാരം നെൽവിത്ത് വാങ്ങുന്നതിന് 2,79,000/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഇനം | അളവ് /നിരക്ക് | തുക |
|---|---|---|---|---|
| 1 | സ്റ്റേറ്റ് സീഡ് ഫാം ഹരിപുരം കാസർക്കോട് | ശ്രേയസ് | 3000kg/30 | 90000 |
| 2 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | ആതിര | 1100kg/30 | 33000 |
| 3 | മയ്യിൽ റൈസ് പ്രോഡ്യൂസ് കമ്പനി | ശ്രേയസ് | 1800kg/40 | 72000 |
| | | ജയ | 2100kg/40 | 84000 |

മയ്യിൽ റൈസ് പ്രോഡ്യൂസ് കമ്പനി സ്ഥാപനത്തിൽ നിന്ന് നേരിട്ട് 156000 രൂപയുടെ നെൽവിത്ത് വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ. തീയതി 08-11-2010 പ്രകാരം 1,00,000 മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേന നടത്തേണ്ടതാണ് എന്ന സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്. കൂടാതെ സ്റ്റേറ്റ് സീഡ് ഫാം ഹരിപുരം കാസർക്കോട് നിന്നും കി.ഗ്രാമിന് 30 രൂപക്ക് ലഭിച്ച നെൽവിത്ത് ( ശ്രേയസ് ) മയ്യിൽ റൈസ് പ്രോഡ്യൂസ് കമ്പനിയിൽ നിന്ന് 40 രൂപക്കാണ് വാങ്ങിയത്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 4/17-12-2018) സ്റ്റേറ്റ് സീഡ് ഫാമുകളിൽ

നിന്ന് വിത്തുകൾ ലഭ്യമല്ലെന്ന് ഫോൺ മുഖാന്തിരം അറിയിച്ചതിനാലും, കർഷകർക്ക് ആനുകൂല്യം പെട്ടെന്ന് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിത്തുകൾ മയ്യിൽ റൈസ് പ്രോഡ്യൂസ് കമ്പനിയിൽ നിന്ന് നേരിട്ട് വാങ്ങിയെതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.

ഭാവിയിൽ സർക്കാർ ഫാമുകളിൽ വിത്തുകൾ ലഭ്യമല്ലെങ്കിൽ നോൺ എവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിത്തുകൾ വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ച് കൊണ്ട് വാങ്ങലുകൾ നടത്തേണ്ടതുമാണ്.

## 3-10 പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ് വിതരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ /പേര് 26/2018 പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ് വിതരണം

അടങ്കൽ 252000/- (126000 വികസനഫണ്ട് ജനറൽ, 126000 ഗുണഭോക്തൃവിഹിതം)

ബിൽ നമ്പർ 03/16-02-2018 1,26,000/-

വൗച്ചർ നമ്പർ 854/23-01-2018 1,26,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

(എ) പ്രോജക്ട് പ്രകാരം ₹2,52,000 ചെലവഴിച്ച് 210 ഗുണഭോക്താക്കൾക്ക് 15 വീതം ഗ്രോബാഗ് കല്ല്യാശ്ശേരി ബ്ലോക്ക് കാർഷിക സേവന കേന്ദ്രം ഏഴോം എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(പി)259/2010/ ത.സ്വ.ഭ.വ. തീയതി 08-11-2010 പ്രകാരം 1,00,000 മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേന നടത്തേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 5/17-12-2018) കർഷക ഗ്രൂപ്പ് ആയതിനാലാണ് ഗ്രോബാഗുകൾ നേരിട്ട് വാങ്ങിയതെന്ന് അറിയിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ച് കൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

(ബി)സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ. തീയതി 03-04-2017 ഖ.8-1-10 പ്രകാരം കൃഷി വകുപ്പ് പദ്ധതി പ്രകാരം മൺചട്ടി/ഗ്രോബാഗ് ലഭിച്ചവർക്ക് വീണ്ടും നല്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന് ഗുണഭോക്താക്കൾക്ക് കൃഷി വകുപ്പിൽ നിന്നും 25 എണ്ണം , പഞ്ചായത്തിൽ 15 എണ്ണം വീതം ഗ്രോബാഗുകൾ നല്കിയിട്ടുണ്ട്.

1- പി.എൻ.പത്മിനി, എ.പി.നിവാസ്, കൊളച്ചേരിപറമ്പ.

2- ടി.കൃഷ്ണൻ.കെ.കെ.പി.നിലയം, കൊളച്ചേരി

3- കോമളവല്ലി.എ.കെ. അടിച്ചേരിക്കണ്ടി, പെരുമാച്ചേരി, കൊളച്ചേരി

4- സന്ധ്യ.കെ.വി. വൃന്ദാവനം, ചേലേരി

പ്രോജക്ടിൽ ഗുണഭോക്താക്കൾക്കളായി 405 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഫണ്ട് പരിമിതി കാരണം ആനുകൂല്യം 210 പേർക്ക് മാത്രമാണ് അനുവദിക്കാൻ സാധിച്ചിട്ടുള്ളത്. ആനുകൂല്യം ലഭിക്കാൻ ഗുണഭോക്തൃലിസ്റ്റിൽ 195 പേർ അവശേഷിച്ചിരിക്കെ ഒരേ ഗുണഭോക്താവിന് ഒരേ ആനുകൂല്യം ഒന്നിലധികം തവണ നല്കിയതിലൂടെ കൂടുതൽ പേർക്ക് ആനുകൂല്യം നൽകാൻ കഴിയാത്ത അവസ്ഥ വന്നു. ഇത് ശരിയായ നടപടിയല്ല. പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ

നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-11 കറവയുള്ള പശുവിതരണം - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 97/2018 കറവയുള്ള പശുവിതരണം, നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജ്ജൻ

അടങ്കൽ - 7,50,000/-

വികസനഫണ്ട് ജനറൽ 3,75,000/-

ഗുണഭോക്തൃവിഹിതം 3,75,000/-

ചെലവ്- ബിൽ നമ്പർ 3/11-01-2018 1,50,000

5/31-01-2018 75,000

10/24-02-2018 75,000

15/22-03-2018 50,000

16/22-03-2018 25,000

പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1- ഉരുക്കളെ ആരുടെ പക്കൽ നിന്നാണ് വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖണ്ഡിക 8.2. കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്ന് വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ അനുവദിക്കുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കറവ പശു വിതരണം ലോൺ വ്യവസ്ഥയിൽ ആയതിനാലാണ് പശുവിനെ വാങ്ങിയ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക അനുവദിച്ചതെന്നും ,ഇത് പഞ്ചായത്തിന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് ചെയ്തിരിക്കുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എങ്കിലും സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം അനുവദിച്ചത് ശരിയല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

കെ.ശശിധരൻ, നേര്യമംഗലത്ത് ഹൗസ്, വളവിൽ ചേലേരി എന്ന ഗുണഭോക്താവിന് 25,000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷ, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, പർച്ചേസിംഗ് കമ്മിറ്റി റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/19-12-2018) രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. രേഖകളുടെ അഭാവത്തിൽ ₹ 25000/- തടസ്സപ്പെടുത്തുന്നു.

## 3-12 ആട് വിതരണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 38/2018 ,ആട് വിതരണം

അടങ്കൽ - 7,20,000/-

വികസനഫണ്ട് ജനറൽ 2,00,000/-

ചെലവ്- ബിൽ നമ്പർ 4/11-01-2018 60,000

9/24-02-2018 1,00,000

14/22-03-2018 40,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1- സബ്സിഡി സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ചു.

തൻ വർഷം ആടിനെ വാങ്ങുന്നതിന് 20 ഗുണഭോക്താക്കൾക്ക് ₹10000/- വീതം ₹200000/- സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖ.8.2.2 ആടുകളെ വാങ്ങുന്നതിന് 50% സബ്സിഡിയാണ് പരമാവധി അനുവദിക്കാവുന്നത്. എന്നാൽ സബ്സിഡി 50% ൽ പരിമിതപ്പെടുത്താതതിനാൽ താഴെ പറയും പ്രകാരം 13,250രൂപ അധികം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആടിനെ വാങ്ങിയ വില | അനുവദിക്കാവുന്ന സബ്സിഡി | അനുവദിച്ച സബ്സിഡി | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | ആമിന, ചേയിങ്കീൽ നൂഞ്ഞേരി | 12000 | 6000 | 10000 | 4000 |
| 2 | രമാദേവി.പി.കെ. മഠയമ്മാർ വീട്ടിൽ പി.ഒ.ചേലേരി കണ്ണാടിപറമ്പ് | 18000 | 9000 | 10000 | 1000 |
| 3 | സക്കീന.കെ.കെ കുറ്റേരിക്കണ്ടി ഹൗസ് ചേലേരി, നൂഞ്ഞേരി | 13000 | 6500 | 10000 | 3500 |
| 4 | സൈനബ.യു.കെ ഉണലിക്കോത്ത് ഹൗസ്, ചേലേരി, നൂഞ്ഞേരി | 10,500 | 5250 | 10000 | 4750 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-12-2018) ഗുണഭോക്താവിന്റെ അറിവില്ലായ്മ കാരണം വിലച്ചീട്ടിൽ അധികം തുക എഴുതിയതാണെന്നും, ഇൻഷ്വറൻസ് പ്രോപ്പോസലിൽ യഥാർത്ഥ തുക രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2- ആടിന് പ്രായത്തിന് അനുസരിച്ചുള്ള വിലയിലധികം അനുവദിച്ചത് സംബന്ധിച്ച്.

മേൽ ഉത്തരവ് ഖണ്ഡിക 8.2 കുറിപ്പ് 1 പ്രകാരം വില നിർണ്ണയം ജില്ലാതലത്തിൽ മൃഗസംരക്ഷണവകുപ്പ് നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പരിഗണിക്കാതെ മുഴുവൻ വാങ്ങലുകൾക്കും 10000 രൂപ വീതം സബ്സിഡി അനുവദിക്കുകയാണ് ചെയ്തത്. ആയതിനാൽ 2000 രൂപ സബ്സിഡി ഇനത്തിൽ അധികം നല്കിയിട്ടുണ്ട്.

| ക്രമ | പേര് | ഇൻഷ്വറൻസ് | 25-04-2017 | അനുവദിക്കാവുന്നത് | അനുവദി | അധികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നമ്പർ | | പ്രോപ്പോസൽ ഫോറത്തിൽ രേഖപ്പെടുത്തി വയസ് | ലെ തീരുമാന പ്രകാരം ജില്ലാ തല യൂണിറ്റ് കോസ്റ്റ് | യൂണിറ്റ് കോസ്റ്റിന്റെ 50% | ച്ചത് | നല്കിയത് |
| 1 | ദിനേശ് കുമാർ കെ.ആർ തപസ്യ, വളവിൽ ചേലേരി, | 7 മാസം (2എണ്ണം) | 8000x2 16000 | 8000 | 10000 | 2000 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-12-2018) ഇൻഷ്വറൻസ് പ്രോപ്പോസലിൽ തുക തെറ്റായി രേഖപ്പെടുത്തിയതാണെന്ന് അറിയിക്കുകയുണ്ടായി.

3- ഉരുക്കളെ ആരുടെ പക്കൽ നിന്ന് വാങ്ങിക്കുന്നത് അവരുടെ എക്കൗണ്ടിൽ തുക നല്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മേൽ ഉത്തരവ് ഖണ്ഡിക 8.2. കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്ന് വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ അനുവദിക്കുകയാണ് ചെയ്തത്.

സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം അനുവദിച്ചത് ശരിയല്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സബ്സിഡിയാണ് അധികം നല്കിയിട്ടുണ്ടോയെന്ന് ഭരണസമിതി പരിശോധിച്ച് അധികം തുക നല്കിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ കാലാവധി ദീർഘീകരണത്തിന് പിഴ ഈടാക്കിയതിൽ പിഴയീടാക്കിയത് സംബന്ധിച്ച്.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ (2012 ൽ പുതുക്കിയത്,ജി.ഒ(പി) 2012/PWD/01-02-2012 )സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള (ഡിപ്പാർട്ട്മെന്റിലെ ,നിർമ്മാണഘട്ടത്തിലെ ഡിസൈൻ & നിർമ്മാണപ്രശ്നങ്ങൾ മൂലമോ) പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. കാലാവധി ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാവുന്നതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവ് അത് നൽകാം) . സെക്ഷൻ 2112-1 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒറിജിനൽ കാലാവധിക്കകം

സമയം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ആയുർവ്വേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന്റെ 16-6-16 ലെ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 16-6-17 (12 മാസം )ആണ്. എന്നാൽ പ്ലാൻ & എസ്റ്റിമേറ്റിൽ ഘടനാപരമായ മാറ്റം നിർമ്മാണത്തിനിടെ വരുത്തിയതിനാൽ ഒരു 6 മാസത്തെ കാലവധി കൂടി ദീർഘിപ്പിച്ച നൽകിയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണ തീയ്യതി 16-12-17 ആയി തീരുമാനിച്ചു. അങ്ങിനെ ദീർഘിപ്പിച്ച നൽകിയ തീയ്യതിക്കകം പ്രവൃത്തി പൂർത്തീകരച്ചിട്ടില്ല. കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം 17-8-18 ന് മാത്രമാണ്. അളവു പുസ്തകം അനുസരിച്ച് പ്രവൃത്തി 10-05-18 ന് പൂർത്തിയായിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷ പഞ്ചായത്ത് ഭരണസമിതിയുടെ 10-08-2018 തീയ്യതിയിലെ അടിയന്തിര മീറ്റിംഗിലെ 144/2018(7) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട് . കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനുള്ള മുൻ ഉപാധിയാണ് അതിനുള്ള അപേക്ഷ ഒറിജിനൽ കാലാവധിക്കകം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ഭരണസമിതിക്ക് സമർപ്പിക്കണമെന്നത്. അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള കാലാവധി ഭരണസമിതി അംഗീകരിച്ചാൽ സെക്ഷൻ 2112-1 പ്രകാരം പിഴയടച്ച് മാത്രം കാലാവധി ദീർഘിപ്പിക്കാം. ഇതിന് സപ്ലിമെന്ററി കരാർ വെക്കുകയും വേണം. ഇവ സംബന്ധിച്ച് 21-12-18 ന് നൽകിയ 19/2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 24-12-2018ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി പ്രകാരം ആകെ കരാർ കാലയളവായ 180 ദിവസത്തിൽ അധികമായി വന്ന 145 ദിവസത്തിൽ ആദ്യത്തെ 25% കാലയളവിന് 1% വും ശേഷിച്ച 10 ദിവസത്തിന് 2% ആനുപാതിക നിരക്കിലും പിഴ ഈടാക്കിയിട്ടുണ്ട് (13226 രൂപ രശീതി നമ്പർ.118020105071 തീയ്യതി. 24-12-18)എന്നാണ് അറിയിച്ചത്. കരാറുകാരനിൽ നിന്ന് പിഴയീടാക്കിയിട്ടുണ്ടെങ്കിലും നടപടിക്രമത്തിൽ മേൽ പ്രസ്താവിച്ച വിധം പോരായ്മ ഉണ്ടായിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. നടപടിക്രമത്തിലെ ഇത്തരത്തിലുള്ള പോരായ്മകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ /പേര് 44/2018 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ

അടങ്കൽ 9,00,000/- ( വികസനഫണ്ട് എസ്.സി.പി.)

ബിൽ നമ്പർ 01/11-01-2018 1,50,000/-

ബിൽ നമ്പർ 03/25-01-2018 2,25,000/-

ബിൽ നമ്പർ 06/22-03-2018 5,25,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി

പ്രോജക്ട് പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് 9 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ. തീയതി 03-04-2017 ഖ.33.5 പ്രകാരം മൂലധന ആസ്തികൾക്ക് ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളെ 8 വർഷം കഴിഞ്ഞ് വീണ്ടും ധനസഹായത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ 12/2014 ഭവന പുനരുദ്ധാരണം പ്രോജക്ടിൽ ഉൾപ്പെടുത്തി 25,000 രൂപ അനുവദിച്ച ശ്രീ. മടക്കുടിയൻ നാരായണൻ, കീലത്ത് ഹൗസ് കമ്പിൽ എന്ന ഗുണഭോക്താവിന് മേൽ പ്രോജക്ട് പ്രകാരം 1,50,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിൽ ഗുണഭോക്താക്കൾക്കളായി 22 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഫണ്ട് പരിമിതി കാരണം 9 പേർക്ക് മാത്രമാണ് അനുകൂല്യം അനുവദിക്കാൻ

സാധിച്ചിട്ടുള്ളത്. ആനുകൂല്യം ലഭിക്കാൻ ഗുണഭോക്തൃലിസ്റ്റിൽ 13 പേർ അവശേഷിച്ചിരിക്കെ ഒരേ ഗുണഭോക്താവിന് തന്നെ സർക്കാർ നിർദ്ദേശം പാലിക്കാതെ രണ്ടാമതും ആനുകൂല്യം നല്കിയത് ശരിയായ നടപടിയല്ല. പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പ്രോജക്ട് പ്രകാരം 75000/- രൂപ മുൻകൂർ അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം ആനുകൂല്യം നല്കിയ 9 പേരിൽ 3ഗുണഭോക്തക്കൾക്ക് മാത്രമാണ് 2017-18 സാമ്പത്തികവർഷം പ്രവർത്തി പൂർത്തിയാക്കി ആനുകൂല്യം കൈപ്പറ്റിയത്. 20-12-2018 വരെ 4 പേർ പണിപൂർത്തിയാക്കിയിട്ടുണ്ട്. 2 പേർ പണിപൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | രാമചന്ദ്രൻ .കെ. | 11/231 |
| 2 | അജിത.കെ. | 16/416 |

മുൻകൂർ വാങ്ങിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-15 മാലിന്യ നിർമ്മാർജന പരിപാടി - കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റ് തുമ്പൂർ മോഡൽ എയറോബിക്ക് കമ്പോസ്റ്റിംഗ് സംവിധാനം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

പ്രോജക്ട് നമ്പർ /പേര് 148/2018 കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റ് തുമ്പൂർ മോഡൽ എയറോബിക്ക് കമ്പോസ്റ്റിംഗ് സംവിധാനം എന്നിവ ഏർപ്പെടുത്തൽ

അടങ്കൽ 20,00,000/- ( കേന്ദ്രാവിഷ്കൃത ഫണ്ട്)

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

പഞ്ചായത്തിൽ മാലിന്യ നിർമ്മാർജനത്തിന് മുതൽക്കൂട്ടാകേണ്ട കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റ് തുമ്പൂർ മോഡൽ എയറോബിക്ക് കമ്പോസ്റ്റിംഗ് സംവിധാനം സ്ഥലം ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാതെ ഉപേക്ഷിച്ചു. മേൽ പദ്ധതി നടപ്പിലാക്കുവാനുള്ള കേന്ദ്രഫണ്ട് ലഭിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 3-16 അജൈവ മാലിന്യ ശേഖരണം - തുടർപ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ /പേര് 116/2018 അജൈവ മാലിന്യ ശേഖരണം

അടങ്കൽ 3,00,000/- (ധനകാര്യ കമ്മിഷൻ അവാർഡ് 2,60,000 തനത് ഫണ്ട് 40000)

ബിൽ നമ്പർ 01/23-06-2017 2,60,000/-

ചെക്ക് നമ്പർ 71908140/01-08-2017 20000/-

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് പ്രകാരം അയൽ സഭകൾക്കും, സ്കൂളുകൾക്കും പ്ലാസ്റ്റിക്ക് ശേഖരണത്തിനായുള്ള 500 ലിറ്റർ എഫ്.ആർ.പി. വെയിസ്റ്റ് ബിൻ 80 എണ്ണം റെയ്ഡ്കോ കണ്ണൂരിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വാങ്ങിയ വെയിസ്റ്റ് ബിന്നുകൾ വാർഡ് മെമ്പർമാർ താഴെ പറയും പ്രകാരം കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡിന്റെ പേര് | എണ്ണം | മെമ്പറുടെ പേര് |
|---|---|---|---|
| 1 | പാമ്പുരുത്തി | 3 | കെ.താഹിറ |
| 2 | കമ്പിൽ | 8 | ഷമീമ.ടി |
| 3 | പന്ന്യങ്കണ്ടി | 3 | സറീന.കെ.എം.പി. |
| 4 | നണിയൂർ | 6 | പ്രമീള.കെ. |
| 5 | കൊളച്ചേരി | 5 | എം.ഗൗരി |
| 6 | പെരുമാച്ചേരി | 6 | |
| 7 | കോടിപ്പോയിൽ | 4 | നബീസ.പി |
| 8 | പള്ളിപറമ്പ് | 4 | ഷറഫുന്നിസ.പി |
| 9 | കായച്ചിറ | 5 | നിസാർ.എൽ. |
| 10 | ചേലേരി | 3 | അനിത.കെ. |
| 11 | നൂഞ്ഞേരി | 4 | കെ.സി.പി.ഫൗസിയ |
| 12 | കാരയാപ്പ് | 5 | ഷാഹുൽ ഹമീദ്.കെ |
| 13 | ചേലേരി സെൻട്രൽ | 5 | കെ.പി.ചന്ദ്രഭാനു |
| 14 | വളവിൽ ചേലേരി | 6 | എം.വി.നാരായണൻ |
| 15 | എടക്കൈ | 6 | ഇന്ദിര.പി. |
| 16 | കൊളച്ചേരിപറമ്പ് | 4 | എം.അനന്തൻമാസ്റ്റർ |
| 17 | പാട്ടായം | 3 | മുഹമ്മദ് ഹനീഫ.പി |
| ആകെ | | 80 | |

ഇതിൽ ആറാം വാർഡ് പെരുമാച്ചേരിയിലേക്ക് അനുവദിച്ച 6 ബിന്നുകൾ പെരുമാച്ചേരി അംഗൻവാടിയിൽ ഏല്പിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (18/20-12-2018) മറുപടിയായി അറിയിക്കുകയുണ്ടായി. ബിന്നുകൾ അയൽസഭകൾക്കോ, സ്കൂൾകൾക്കോ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സ്വീകരിക്കുന്നതിന് മെറ്റീരിയൽ കലക്ഷൻ സെന്റർ താല്ക്കാലികമായി മാത്രമാണ് നിലവിലുള്ളത്. ഇതിനായി ഒരു സ്ഥിരം സംവിധാനം തയ്യാറാക്കേണ്ടതും ഹരിത കർമ്മസേന മുഖേന അജൈവമാലിന്യ സംസ്കരണം ലക്ഷ്യം നേടുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം പദ്ധതി - അപാകങ്ങൾ

പ്രോജക്ട് നമ്പർ /പേര് 126/2018 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ 6,00,000/- ( വികസനഫണ്ട് എസ്.സി.പി.)

ബിൽ നമ്പർ 02/25-01-2018 2,50,000/-

ബിൽ നമ്പർ 08/25-01-2018 3,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി

പ്രോജക്ട് പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് 11 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. ഇതിൽ ഒരു ഗുണഭോക്താവ് മാത്രമാണ് 2017-18 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തിയാക്കി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയത്. 20-12-2018 വരെ 7 പേർ പണിപൂർത്തിയാക്കിയിട്ടുണ്ട്. 3 പേർ പണിപൂർത്തിയാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം 50000/- രൂപ മുൻകൂർ അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ഉഷ.വി | 7/116B |
| 2 | അനിത.സി. | 14/413A |
| 3 | ശ്രീജ.ടി. | 8/475 |

മുൻകൂർ വാങ്ങിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 425000 | നെൽകൃഷി വികസന പദ്ധതി 24/18 | 425000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകൽ 146/18 | 299912 | 88 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | സ്വാന്ത്വന പരിചരണ പദ്ധതി<br>90/18 | 73645 | 26355 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 278775 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.<br>31/18 | 278775 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | കരിങ്കക്കുഴി അങ്കണവാടി നിർമ്മാണം | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകൽ 146/18 | 49970 | 30 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 416975 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. 31/18 | 416975 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 550000 | ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ് 33/18 | 550000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ബഡ്സ് സ്കൂൾകുട്ടികൾക്ക് ഭക്ഷണം 136/18 | 182031 | 17969 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ അംഗൻ വാടികൾക്ക് കുടിവെള്ള കണക്ഷൻ | 21701294/26.2.18<br>21701293/26.2.18<br>21701302/12.3.18 | 292000 | 292000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 274/2010 | 5735500 | 1590150 | 573500 | - | 1016650. |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 374474 |
| തൻവർഷം നിക്ഷേപിച്ച തുക | 33703(പലിശ) |
| ആകെ | 408177 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 408177 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൊളച്ചേരി സർവ്വീസ്.സഹകരണ ബാങ്ക് | 19.03.2018 | - | 408177 | FD.NO.2591<br>17.04.2010 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1750 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 2-1(1) | 500 | കേരള വാട്ടർ അതോററ്റി | 117020102706/19.09.17 |
| 2016-17 | 2-1(2) | 1250 | ബഷീർ.കെ.വി | 117020104875/04.02.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-99 | 43 | 2002-03 | 7.13.6 | കാവുംചാൽ കോടിപോയാൻ റോഡ് ടാറിംഗ് | ലഭ്യമല്ല |
| 1999-2000 | 6 | 2003-04 | - | പദ്ധതി സഹായം പണമായി നൽകി | ലഭ്യമല്ല |
| പ്രവർത്തന അവലോകനം | - | 2013-14 | 5.1.5.11 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള പദ്ധതികളും | ലഭ്യമല്ല |
| പ്രവർത്തന അവലോകനം | - | 2013-14 | 5.1.5.11 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള പദ്ധതികളും | ലഭ്യമല്ല |
| വിഷയാധിഷ്ടിത അവലോകനം | - | 2014-15 | 4.1.6 | അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ | ലഭ്യമല്ല |
| വിഷയാധിഷ്ടിത അവലോകനം | - | 2014-15 | 4.1.12 | അറവുശാലകൾ നിഷ്ക്രിയാസ്തികളായി മാറുന്നു | ലഭ്യമല്ല |
| വിഷയാധിഷ്ടിത അവലോകനം | - | 2011-12 | 2-1 | ഗ്രാമസഭ പൊതു അപാകങ്ങൾ | ലഭ്യമല്ല |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | ലഭ്യമല്ല |
| 2015-16 | 2-3 | 2016-17 | 2 | തൊഴിൽ നികുതി | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57362954.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56689040.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35093.00 |

(ബി) പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,093.00 | ശ്രീ. ഷംസുദ്ദീൻ കെ.ബി, സെക്രട്ടറി |
| 3-11 | 25,000.00 | ഡോ. രേഷ്മ ദാമോദരൻ, വെറ്റിനറി സർജ്ജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ഡോ. രേഷ്മ ദാമോദരൻ | വെറ്റിനറി സർജ്ജൻ കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | ഗ്രീഷ്മ, പള്ളിക്കുന്ന്, കണ്ണൂർ |
| ശ്രീ. ഷംസുദ്ദീൻ കെ.ബി | സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | സബ്രീൻ, താണ, കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 2 |
| 1998-99 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 1 |
| 1999-00 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 1 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 4 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 1 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 1 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 1 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 2 |
| 2009-10, 2010-11 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 1 |
| 2011-12 , 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 6 |
| 2013-14, 2014-15 | എൽ.എഫ്/കെ.എൻ.ആർ/സി6/530/2018 തീയതി. 09-04-2018 | 4 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർസി2-2103/17,തീയ്യതി-5-4-2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ/കെ.എൻ.ആർ/സി.6/19/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 14-02-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF KOLACHERY GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 17405761.00<br>0.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 969515.00 |

| | | | |
|---|---|---|---|
| 130000000 | RentalIncome from Panchayat Properties | RP-3 | 49750.00 |
| 140000000 | Fees & User Charges | RP-4 | 671300.00 |
| 150000000 | Sale & Hire Charges | RP-5 | 43162.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43905028.00 |
| 171000000 | Interest Earned | RP-9 | 364109.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5822495.00 |
| 350000000 | Other Liabilities | RP-36 | 262422.00 |
| 431000000 | Sundry Debtors (Receivables) | RP-47 | 27000.00 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 153764.00 |
| 180000000 | Other Income | RP-10 | 0.00 |
| 311000000 | Earmarked Fund | RP-29 | 90844.00 |
| 350000000 | Other Liabilities | RP-36 | 236813.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4117369.00 |
| 460000000 | Loans,Advances and Deposits | RP-47 | 27000.00 |
| Grand Total | | | 74768715.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2855168.00 |
| 220000000 | Administrative Expenses | RP-12 | 888204.00 |
| 230000000 | Operations & Maintenance | RP-13 | 1541212.00 |
| 250000000 | Decentralised Plan | RP-15 | 4745369.00 |

| | | | |
|---|---|---|---|
| | Programme-Productive Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12522252.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 349335.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 287197.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 731506.00 |
| 255000000 | Maintance Projects | RP-20 | 12456863.00 |
| 256000000 | Other Revenue Grants and Funds -Revenue Expenses | RP-21 | 105838.00 |
| 280000000 | Prior Perid Items | RP-26 | 32051.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 285046.00 |
| 350000000 | Othes Liabilities | RP-36 | 4052127.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -1750.00 |
| 311000000 | Earmarked Funds | RP-29 | 98000.00 |
| 330000000 | Secured Loans | RP-32 | 573550.00 |
| 340000000 | Deposits Received | RP-34 | 72822.00 |
| 350000000 | Other Liabilities | RP-36 | 2001234.00 |
| 410000000 | Fixed Assets | RP-38 | 8849010.00 |
| 412000000 | Capital Work in progress | RP-40 | 3779133.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 464224.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 18079675.00<br>0.00 |
| Grand Total | | | 74768715.00 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF KOLACHERY GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4870471.00 |
| 130000000 | Rental Income from panchayat properties | I-3 | 71050.00 |
| 140000000 | Fees & User Charges | I-4(b) | 795755.00 |
| 150000000 | Sale & Hire Charges | I-5(b) | 109222.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 93109740.00 |

| | | | |
|---|---|---|---|
| 170000000 | Income from Investments | I-7 | 33703.00 |
| 171000000 | Interest Earned | I-8 | 364109.00 |
| 180000000 | Other Income | I-9 | 0.00 |
| A | Total Income | | 99354050.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8883584.00 |
| 220000000 | Administrative Expenses | I-11(b) | 888204.00 |
| 230000000 | Operations & Maintenance | I-12(b) | 1541212.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 11034105.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17770202.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 349335.00 |

| | | | |
|---|---|---|---|
| | | | |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 287197.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 43168906.00 |
| 255000000 | Maintance Projects | I-14(e) | 12456863.0 |
| 200000000 | Grants,Contributions and Compensations from Own Fund | I-15 | 105838.00 |
| 270000000 | Provisions & Write Off | I-16 | 7537.00 |
| 272000000 | Depreciation | I-17(a) | 8085336.00 |
| B | Total Expenditure | | 104578968 |
| C=A-B | Gross Surplus / Defict Income over Expenditure | | (5224918.00) |
| D= 280000000 | Prior Period Item | I-18 | (390195.00) |

| | | | |
|---|---|---|---|
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (4834723) |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF KOLACHERY GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 5699499.14 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 13261.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 38621970.00 |
| | Total Reserve & Surplus | | 32935731.86 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3323363.00 |
| | Total Grants,Contribution for specific purposes | | 3323363.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1016600.00 |
| | Total Loans | | 1016600.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 602922.00 |
| 350000000 | Other Liabilities | B-9 | 956727.14 |
| | Total Current Liabilities and Provisions | | 1559649.14 |
| | TOTAL LIABILITIES | | 38835344.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 41716307.00 |
| 411000000 | Accumulated Depreciation | B-11 | (27262273.00) |
| 412000000 | Capital Work In Progress | B-11(a) | 3779133.00 |
| | Total Fixed Assets | | 18233167.00 |
| | Investments | | |
| 420000000 | Investments | B-12 | 408177.00 |
| | Total Investments | | 408177.00 |
| | Current Assets,Loans and Advances | | |
| 430000000 | stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 25878.00 |
| 440000000 | Pre-paid Expenses | B-16 | 1016600.00 |
| 450000000 | Cash and Bank balance | B-17 | 18079675.00 |
| 460000000 | Loans, Advances and Deposits | B-18 | 1071847.00 |
| | Total Current Assets,Loans and Advances | | 20194000.00 |
| | TOTAL ASSETS | | 3883544.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.